
# സെന്റ് മേരീസ് എച്ച് എസ് എസ്
# കിടങ്ങൂർ




# വാതിൽപ്പടി

# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകളിൽ ദൂരവും സമയവും തീർക്കുന്ന അതിർവരമ്പുകൾ അതിവേഗം മാഞ്ഞു പൊയ് കൊണ്ടിരിക്കുന്നു ............

വിവരസാങ്കതിക വിദ്യയുടെ വിവിധ മേഖലകളെ കുറിച്ചുള്ള അറിവുകളുടെ അടിത്തറയിൽനിന്നും പുതിയകണ്ടെത്തലുകൾക്കായ് ഈ മേഖലയുടെ വിശാലമായ ലോകത്തേക്ക് ആത്മവിശ്വാസത്തോടെഞങ്ങൾ' ലിറ്റിൽകൈറ്റ്സ്' യാത്ര തുടരുകയാണ്.

സാങ്കേതിക വിദ്യയുടെ ലോകത്തിൽ മലയാള അക്ഷരങ്ങൾ ഞങ്ങൾ മനഃപാഠം ആക്കികഴിഞ്ഞു. അവയെ മുത്തുകൾ പോലെ കോർത്തിണക്കി നിറം പകർന്ന് പേജുകളിൽ നിറച്ച് 'കെട്ടും മട്ടും' ഭംഗിയാക്കി

മനോഹരമായ അക്ഷരത്താളുകളിലാക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങൾ പാഴാകരുതെന്ന

പ്രാർത്ഥനയോടെ..................

ആർജിക്കുന്ന ശേഷികൾ ജീവിതവിജയത്തിന് ഉപകാരപ്പെടണമെന്ന തീവ്രമായ ആഗ്രഹത്തോടെ.

സ്നേഹപൂർവ്വം,

ചീഫ് എഡിറ്റർ



# മാഗസിൻ രചനാസമിതി

## ചീഫ് എഡിറ്റർ

ജെഫി അൽഫോൻസ് ജോജോ

## രചനാസമിതി അംഗങ്ങൾ

ബിഫിന മരിയ ബെന്നി

അഞ്ചന മേരി ജിനു

അഞ്ചലി മേരി ജിനു

ഏബൽ ടോം

ആൽഡോ റെജി








# ഉള്ളടക്കം

പുകയില..................................6
ചെറുശ്ശേരി................................ 7
ഒന്നെങ്ങനെ എഴുതാം..............8
വിധി.........................................9
പെൺപൂവ്..............................10
മാലിന്യ നിർമ്മാജ്ജനവും പരിസ്ഥിതി സംരക്ഷണവും........11
മണ്ണിണിൽ തൊടുന്ന നാടൻ കളികൾ .........................14
നക്ഷത്രവൃക്ഷങ്ങൾ.........................................15
ചങ്ങലയ്ക്കിട്ട പുസ്തകങ്ങൾ......................................17
ആന സ്നേഹം.......................................................18
ഒംളിമ്പിക്ക് വിശേഷം ..............................................19
സഹസ്രം..........................................................................20
കാക്കയുടെ ബുദ്ധി..............................................................21
അമ്മ.........................................................................................22
കൊക്കിന്റണ്ടെ നിൽപ്പ്..........................................................23
ആമയും മുയലും....................................................................24
കിളി കെട്ട് അഴികാതെ കൊടുക്കാം...............................25
തുമ്പി..........................................................................................26
പറക്കുമ തോണി.....................................................................27
പൂവും കിളിയും.......................................................................29
ചാഞ്ചാഞ്ചി.............................................................................30
ഗണിതം ശോഭിക്കുന്നു.......................................................31
കടം കവിത.........................................................................32
പി ഭാസ്കരൻ......................................................................34

## വാതിൽപ്പടി


ഒരു മുടി നരച്ച ചേട്ടൻ........................................................35
പ്രണയം കൊണ്ടെത്തിച്ച വിപത്ത്.................................38
എന്റെ ഭാഷ...............................................................................40
കുറ്റ ബോധം.................................................................................41
ചിത്രം പൂർത്തിയാകുമ്പോൾ.......................................42
കുക്കിയും മക്കളും...............................................................44
സമചതുരം...................................................................................45
ശശി കഥകൾ...........................................................................46
മണ്ണേനമ്പിലേലയ്യ.......................................................47
A prayer in spring......................................................48
ഞാറ്റുവേല....................................................................................49
ക്വിസ് ജാനുവരി.................................................................50
മണ്ണിനടിയിലും മീനുകൾ............................................51
മണ്ണിൽ തുടിക്കുന്ന പൂമ്പാറ്റകൾ..............................52
പ്രകൃതി...........................................................................................53
സ്ക്കൂൾ കായികമേള..................................................54
സ്മാർട്ടമ്മ...................................................................................55
ദേശീയ താരങ്ങൾ......................................................56
അധ്യാപക ദിനം.........................................................57
നന്ദി..............................................................................................58

# ആശംസ

അറിവ് ഒരോരുത്തരും സ്വയം നിർമ്മികേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ ഏറെ മാറ്റിമറിച്ചിരിക്കുന്നു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരീസിലനകാലയളവിൽ വൈവിധ്യമാർന്ന പരീശിലന പ്രർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. ഒപ്പം സാങ്കേതികരംഗത്തെ വിവിധ മേഖലകളിൽ ഉള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുന്നു . ലിറ്റിൽ കൈറ്റസ് യൂണിറ്റിൻെറ ഒരു പ്രധാന പ്രവർത്തനം എന്ന നിലയിൽ സ്കൂളിൻെറ ഡിജിറ്റൽ മാഗസ്സിൻ ഏറെ പ്രാധാന്യം അർഹിക്കുന്നു.സാങ്കേതിക വിദ്യയോടുള്ള പുതിയ തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ,

സ്നേഹപൂർവ്വം,

**പി. എ. ബാബു**



ഹെഡ്മാസ്റ്റർ

# പുകയില

ക്യാൻസറിനു കാരണമാവുന്ന അൻപത് വ്യത്യസ്ത സംയുക്തങ്ങൾ പുകയിലയിൽ അടങ്ങിയിരിക്കുന്നു. ഇവ ചുവന്ന കോശങ്ങളിലെത്തി രക്തചംക്രമണത്തിലൂടെ ശരീരത്തിൻെറ എല്ലാ ഭാഗത്തും എത്തുന്നു.ഈ സംയുക്തങ്ങൾ ഹൃദയം, ശ്വാസകോശം എന്നിവടങ്ങളിലാണ് ഏറ്റവും കൂടുതൽ ദോഷം ചെയ്യുന്നത്.

പുകയിലയിൽ കാർബൺ മോണോക്സൈഡ്, ടാർ,നിക്കോട്ടിൻ എന്നിവയടങ്ങിയിട്ടുണ്ട്.ഇവ നമ്മുടെ ശരീരത്തിനു പലവിധ രോഗങ്ങളുമുണ്ടാക്കും. അതിനാൽ പുകവലിക്കാതിരിക്കുക. ആരോഗ്യം സംരക്ഷിക്കുക.

ആൾഡോ റെജി



# ചെറുശ്ശേരി

ക്രി. വ.പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാ കവി. കോലത്തുനാട്ടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിൻറ പണ്ഡിതസദസ്സിലെ അംഗമായിരുന്നു.ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച

കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി .



അഞ്ജന മേരി ജിനു



Lk_31039

# ഒന്നെന്നെങ്ങനെ എഴുതാം

ഒന്നെന്നെങ്ങനെ എഴുതാം

ഒന്നെന്നെങ്ങനെ എഴുതാം

കുത്തനെ ഒരു കുറിയവര

ഒന്നെന്നെങ്ങനെ എഴുതാം

വളവും വേണ്ട , ചരിവും വേണ്ട

തിരിവും വേണ്ട, കുനിവും വേണ്ട

കുത്തനെ  ഒരു കുറിയ വര

ഒന്നെന്നിങ്ങനെ എഴുതാ◌ം

അഞ്ചലി മേരി ജിന



# വിധി

ഓർക്കുക മർത്ത്യാദിനം തോറും
നാം കുരുതി കൊടുക്കും ആയിരങ്ങൾ
ചിരിച്ചും കളിച്ചും രസിച്ചും
നാം കുരുതികൊടുക്കും ആയിരങ്ങൾ

മർത്ത്യർ തൻ വിധിയോ നിമിത്തം
മർത്ത്യർ തൻ വെമ്പൽ തുടരുകയോ
എന്തേ ഈ മൗനം
എന്തേ ഈ മൂകത
ഇനിയും മരിക്കാത്ത ഈ ഭൂമിയിൽ.



**ഏബൽ ടോം**

# പെൺപൂവ്

വിരിയുന്ന നമ്മൾ തൻ സ്നേഹമാം പെൺപൂവ്,
ലോകത്തിൽ പ്രാകാശമാകാൻ അവൾ വിരിയുന്ന
സ്നേഹം  ചൊരിയാൻ ത്യാഗം ചെയ്യാൻ
അവൾതൻ  ജീവിതം സമർപ്പിക്കുന്ന
കാറ്റിനോടൊപ്പം നൃത്തമാടിയവൾ  പുഞ്ചിരി ളുകി
കളിചിരികളോടെ ലോകത്തിൽ അവളുടെ
പരിമളം കൊണ്ട്  അവൾ നന്മ  നിറച്ചു
എന്നാൽ കുസൃതി കുരുന്നുകൾ അവൾ തൻ കാന്തി
കട്ടു സ്വപ്നത്തിൻ ദളങ്ങൾ പൊഴിച്ച്
ഇരുട്ടിൻ വീതിയിൽ വലിച്ചെറിഞ്ഞവളെപാരിൽ
അവൾ തൻ ജീവിതം ക്ഷണഭംഗുരം.



ജെഫി അൽഫോണ്സ്

# മാലിന്യ നിർമ്മാർജ്ജനവും പരിസ്ഥിതി സംരക്ഷണവും

പരിസ്ഥിതി....ചുറ്റുപാടുകൾ എന്ന വാക്ക് നാം ഇന്ന് ഏറെപറയുന്ന ഒന്നു മാത്രം.ആരാലും ചർച്ചചെയ്യപ്പെടാത്ത പരിതാപസ്ഥിതിയിലാണ് പരിസ്ഥിതി എന്നതാണ് ഇന്നത്തെ കാലഘട്ടത്തിൽ യാഥാർത്ഥ്യം.പരിസ്ഥിതിയിൽ മനുഷ്യൻെറ കടന്നുകയറ്റം മൂലം ഉണ്ടാവുന്ന ഈ പ്രശ്നങ്ങളെ മൂന്നായിത്തിരിക്കാം . പരിസ്ഥിതി പ്രശ്നങ്ങളുടെ കാരണങ്ങൾ, ഫലങ്ങൾ,ലഘൂകരണമാർഗങ്ങൾ എന്നിവയാണവ. പരിസ്ഥിതിയുടെ രക്ഷയ്ക്കു വേണ്ടി വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്ന പ്രവർത്തനത്തിൽ എസ്.പി.സി പങ്കുചേർന്നിട്ടുണ്ട്. നമ്മുടെ പരിസ്ഥിതി അനുഭവിച്ച പ്രധാന പ്രശ്നമാണ് പ്രളയം..2018 ൽ ആഗസ്റ്റ് മാസത്തിലാണ് ആദ്യമായി പ്രളയം ഉണ്ടായത്.കേരളത്തിൽ പ്രളയം മൂലം 160 പേർ 2018 ൽ മരിച്ചു.കേരളത്തിൽ 44 നദികൾ , 33 ഡാമുകൾ, 34 കായലുകൾ എന്നിവയുണ്ട്.2018 ലെ പ്രളയത്തോടുകൂടി കിടങ്ങൂർ കാവാലിപ്പുഴ എന്ന സ്ഥലത്തെ മീനച്ചിലാറിൻെറ ഏതാനും ഭാഗങ്ങൾ മിനിബീച്ചായി മാറുകയും ചെയ്തു.അതോടുകൂടി അവിടെ മാലിന്യങ്ങൾ അടിഞ്ഞുകൂടാൻ തുടങ്ങി.2019 ലെ എസ്.പി.സിയുടെ ഓണം ക്യാമ്പിനോട് അനുബന്ധിച്ച് കിടങ്ങൂർ സെൻറ് മേരീസ് എച്ച്. എസ് . എസ് -ൽ നിന്നും എസ്. പി. സി. കേഡറ്റ്സ് കാവാലിപ്പുഴ മിനിബീച്ച് വൃ ത്തിയാക്കുകയുണ്ടായി.കിടങ്ങൂർപോലീസ്

മേധാവിയായിരുന്ന ശ്രീ രതീഷ് സാറും, എസ്. പി. സി. യിൽ ചുമതലയുള്ള ഡെറ്റി ടീച്ചറിന്റയും ജോമി സാറിന്റെയും മേൽനോട്ടത്തിൽ പ്രവർത്തനം പൂർത്തിയാക്കാൻ സാധിച്ചു. വളരെ അധികം അച്ചടക്കത്തോടെയും ആത്മാർഥതയോടെയുമാണ് ആ പ്രവർത്തനം ചെയ്തത്. എസ്. പി. സി. യിലെ മറ്റൊരു പ്രവർത്തനമാണ് മരങ്ങൾ വെച്ചുപിടിപ്പിക്കൽ. അതുകൊണ്ട് അർഥമാക്കുന്നത് ഇന്നീ കാലഘട്ടത്തിൽ നമ്മൾ ജീവിക്കാൻ വളരെ അധികം പാടുപെടുന്നു. എവിടെ നോക്കിയാലും വിഷങ്ങളും,കെമിക്കൽസും കൊണ്ട് അന്തരീക്ഷം നിറ ഞ്ഞുനിൽക്കുന്നു.അതിന്റെ ഇടയ്ക്ക് നമ്മൾ ശ്വസിക്കുന്ന വായുവിന് ശുദ്ധത നഷ്ടപ്പെടുന്നു. അതിനാൽ നമ്മൾ ഓരോരുത്തരും ഓരോ തൈവീതം വെച്ചുപിടിപ്പിച്ചാൽ അത് നമുക്ക് ഒരു തണലായി മാറുന്നു,ശുദ്ധവായു ലഭിക്കുന്നു. കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ മരങ്ങൾ കൊണ്ട് തന്നെ നക്ഷത്രവനം രൂപം നൽകിയിരിക്കുന്നു. എല്ലാ നാളുകളിലുമുള്ള മരങ്ങളെ പ്രത്യേകം എടുത്തു പറയുന്നു. അവയ്ക്ക് പേരും എല്ലാം നൽകി സ്ഥാപിച്ചിരിക്കുന്നു . ഒരു പരിസ്ഥിതി എന്നു പറഞ്ഞാൽ കൽപവൃക്ഷങ്ങളും വയലുകളും ഫലവൃക്ഷങ്ങളും നിറഞ്ഞ, പാമ്പുകൾ ഉള്ള ഇടമായിരുന്നു നമ്മുടെ കേരളം ......... ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം. എന്നാൽ ഇന്ന് വയലുകൾ പകുതിയും അപ്രത്യക്ഷമായിരിക്കുന്നു , തെങ്ങുകൾ ഉണങ്ങി കരിഞ്ഞ് നിൽക്കുന്നു. ഒരു പറമ്പിലും ഫലവൃക്ഷങ്ങൾ കാണാൻ കിട്ടാതായിരിക്കുന്നു. എന്തിന് , വിളനിലങ്ങൾ കൂടി ഇല്ലാതായിരിക്കുന്നു.ഇതുപോലെ നമ്മുടെ പ്രകൃതിയിൽ

**നടക്കുന്ന ദുരന്തമാണ് പ്രളയം . ലോകത്തെങ്ങും പ്രളയ ബാധിതപ്രദേശങ്ങളിൽ മാരകമായ പകർച്ചവ്യാധികളാൽ ലക്ഷക്കണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് . പ്രളയജലത്തിൽ ഒഴുകി വന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങളും എല്ലാം റോഡരികിലും തോടുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യങ്ങൾ കൂടിയിരിക്കുന്നു അതെല്ലാം നിർമ്മാർജ്ജനം ചെയ്യാൻ എസ്. പി. സി.യുടെ ഒരു പങ്കുമുണ്ടായിരുന്നു ഇതിനെല്ലാം മനുഷ്യന്റെ ദുരുപയോഗം മൂലമാണ് എസ്. പി. സി.യുടെ നേതൃത്വത്താൽ പ്രളയജലത്തിനോടൊപ്പം മാലിന്യവും കേറിയ വീടുകൾ വൃത്തിയാക്കാൻ എസ്. പി. സി. ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു.മാനവരാശിക്ക് ദൈവം നൽകിയ കനകനിധിയായ പ്രകൃതിയാകുന്ന ഭൂമിയെ ഒരിക്കലും നശിപ്പിക്കരുത്.**

-

**ആൽഡോ റെജി**



# മണ്ണിൽ തൊടുന്ന നാടൻ കളികൾ

ചിലർ കളിക്കുകയും മറ്റുള്ളവർ കാഴ്ചക്കാരായി നോക്കി നിൽക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ കളികൾ. മാഞ്ചോട്ടിലും  വീട്ടുമുറ്റങ്ങളിലും മാച്ചും റഫറിയുമില്ലതെ കൂട്ടായ്മയുടെ ആരവങ്ങൾ ഉയർത്തിയ നാടൻ കളികൾ മിക്കവയും നാടുനീങ്ങിയിരിക്കുന്നു. കംപ്യൂട്ടറിന്റെ മുന്നിൽ ഒറ്റയ്ക്ക് ഇരുന്ന്   കളിക്കുകയാണ് പലരും . കേരളത്തിന്റെ ഉൾനാടുകളിൽ ഇന്നും നാടൻ കളികൾ നിലനിൽക്കുന്നു. കളിച്ചുമദിച്ചു നടന്നിരുന്നബാല്യാനുഭവങ്ങൾ പഴന്തലമുറകളിൽ നിന്നും മനസ്സിലാക്കുക.

ഏബൽ ടോം



# നക്ഷത്രവൃക്ഷങ്ങൾ

**അശ്വതി മുതൽ രേവതി വരെയുള്ള ജന്മനക്ഷത്രങ്ങൾക്കോരോന്നിനും ഓരോവൃക്ഷങ്ങൾ കല്പ്പിക്കപ്പെട്ടിട്ടുണ്ട് . ഈ നക്ഷത്രവൃക്ഷങ്ങൾ നട്ടുനനച്ച് പരിപാലിക്കണമെന്നും മുറിക്കരുതെന്നുമാണ് നാട്ടു വിശ്വാസം . പ്രകൃതി സംരക്ഷണത്തിനും ജൈവ വൈവിധ്യ പരിരക്ഷയ്ക്കും എത്ര മാത്രം സഹായകമായിട്ടുണ്ടാവും ഈ വിശ്വാസം എന്ന് ആലോച്ചിക്കുക.**

അശ്വതി മുതലായെക്കോൾക
കാഞ്ഞിരം നെല്ലിയും ക്രമാൽ
അത്തി ഞാവൽ
കരിങ്ങാലി
പിന്നെ കരിമരം , മുള
അരയാൽ നാഗവും പേരാൽ
പ്ലാശ് , ഇത്തിയുമമ്പഴം
നൽക്കുവളം നീർമരുത്
വയ്യങ്കതയിലഞ്ഞിയും
വെട്ടിയും വയന

വഞ്ഞി
പ്ലാവെരുക്ക് പനച്ചിയും
കടമ്പു നല്ല തേൻമാവ്
കരിമ്പനയിരിപ്പയും
ഇവനക്ഷത്രവൃക്ഷങ്ങൾ
നന്നു നട്ടുനനപ്പവ
പറ്റാ വെട്ടുവതായുസി-
നേവം ചിന്ത്യം



അഞ്ചന മേരി ജിന്റു

# ചങ്ങലയ്ക്കിട്ട പുസ്തകങ്ങൾ

യൂറോപ്പിലെ ലൈബ്രറികളിൽ പുസ്തകങ്ങളെ ചങ്ങലയ്ക്കിട്ടിരുന്നു! അക്കാലത്ത് പുസ്തകങ്ങളുടെ കോപ്പികൾ കിട്ടാൻ എളുപ്പമായിരുന്നില്ല. അതുകൊണ്ട് പുറംചട്ടയും ഷെൽഫും തമ്മിൽ ഒരു ചങ്ങല കൊണ്ട് ബന്ധിക്കും! താക്കോൽ ലൈബ്രറിയിൽ സൂക്ഷിക്കും. പുസ്തകങ്ങൾ ആരും മോഷ്ടിക്കാതിരിക്കാനാണ്. ഇംഗ്ലണ്ടിലെ ഹെറെഫോഡ് കത്തീഡ്രൽ ലൈബ്രറിയിൽ ഇന്നും ഈ 'ചങ്ങലപ്പരിപാടി 'ഉണ്ട് !

ബിഫിന



# ആന സ്നേഹം

കുട്ടപ്പായും മക്കളും ഒരിക്കൽ പട്ടണത്തിലെ മൃഗശാല കാണാൻ പോയി .മൃഗങ്ങളെയെല്ലാം അവർ ചുറ്റിക്കണ്ടു.അപ്പോഴതാ രണ്ടു ജോലിക്കാർ ഒരിടത്തിരുന്നു കരയുന്നു.അയ്യോ എന്തുപറ്റി? എന്തിനാ കരയുന്നത്? കുട്ടപ്പായി കാര്യം തിരക്കി.
ഇവിടെ ഉണ്ടായിരുന്ന ഒരേയൊരു ആന
രോഗം വന്ന് കിടപ്പിലായിരുന്നു.ഇന്നുരാവിലെ അവൻ ചരിഞ്ഞു! എന്നു പറഞ്ഞ് ജോലിക്കാർ കരച്ചിൽ തുടർന്നു.
ഓഹോ...മൃഗശാലയിൽ എല്ലാവർക്കും ആ ആനയെ അത്ര ഇഷ്ടമായിരുന്നോ? ജീവനോടെ കാണാൻ പറ്റാത്തത് കഷ്ടമായിപ്പോയി,കുട്ടപ്പായി പറഞ്ഞു.
അതുകേട്ട് കുട്ടപ്പായിയുടെ മക്കൾക്കും സങ്കടമായി.കുട്ടികളും കരയാൻ തുടങ്ങി.
കരച്ചിൽ കണ്ട് ഒരു ജോലിക്കാരൻ പറഞ്ഞു.ആന ചത്തതിലല്ല ചേട്ടാ ഞങ്ങൾക്ക് സങ്കടം.
ആ തടിയനെ  കുഴിച്ചിടാൻ ഞങ്ങളെയാ

ഏൽപ്പിച്ചിരിക്കുന്നത്..."

ജോഹാൻ





Lk_31039

## ഒളിംപിക്സ് വിശേഷം

1)ആദ്യത്തെ ആധുനിക ഒളിമ്പിക്സ് നടന്നത് ?
ഉത്തരം:18969(ആതൻസ്,ഗ്രീസ്)
**2)ഒളിമ്പിക്സിന്റെചിഹ്നം ?**
**ഉത്തരം:അഞ്ച് നിറത്തിലുള്ള വളയങ്ങൾ**
3)ഒളിമ്പിക്സ് വളയങ്ങളുടെ നിറം ?
ഉത്തരം:നീല,കറുപ്പ്,ചുവപ്പ്,മഞ്ഞ,പച്ച
**4)സമ്മർ ഒളിമ്പിക്സ് നടക്കുന്നത് ?**
**ഉത്തരം:നാല് വർഷത്തിലൊരിക്കൽ**
5)ഒളിമ്പിക്സ് ചരിത്രത്തിലെ ആദ്യ വിജയി ?
ഉത്തരം:ജെയിംസ് കൊണോലി
**6)ആധുനിക ഒളിമ്പിക്സിന്റെ പിതാവ് ?**
**ഉത്തരം:പിയറി ഡി കുബർട്ടിൻ**
7)ഒളിമ്പിക്സ് സംഘടിപ്പിക്കുന്നത് ?
ഉത്തരം:അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി
**8)അന്താരാഷ്ട്ര ഒളിമ്പിക് കമ്മറ്റി സ്ഥാപിതമായ വർഷം ?**
**ഉത്തരം:1894**
9)ഒളിമ്പിക്സിൽ ആദ്യമായി സ്വർണമെഡൽ നേടിയ വനിത ?
ഉത്തരം:ഈതൽ കാതർവുഡ്
**10)ആദ്യ വനിതാ മാരത്തോൺ ജേതാവ് ?**
**ഉത്തരം:ജൊവാൻ ബനോക്**

**ആദർശ്**





Lk_31039

# സഹസ്രം

പതിനാറു നാലുകൾ കൂട്ടിടിൽ
ഉത്തരം സഹസ്രമായിടും
പതിനേഴ് നാലുകൾ കൂട്ടിട്ട്
നാലുകുറച്ചാലും സഹസ്രമാം
എട്ട് എട്ടുകൾ കൂട്ടിടിൽ
ഉത്തരം സഹസ്രമായിടും
ഒൻപതു എട്ടുകൾ കൂട്ടിയിട്ട്
എട്ടുകുറച്ചാലും സഹസ്രമാം
എഴുതുകൂട്ടരേയിതുപോലെ
സഹസ്രം കിട്ടുന്ന വിദ്യകൾ
കിട്ടുന്നമട്ടൊന്നുകാട്ടുന്ന പക്ഷം

**കുട്ടാനിനക്കേട്ടു മിഠായികിട്ടും.**

അശ്വിൻ





Lk_31039

# കാക്കയുടെ ബുദ്ധി

ഒരിക്കൽ ദാഹിച്ചുവലഞ്ഞ ഒരു കാക്ക വെള്ളം തേടി അലയുകയായിരുന്നു. അപ്പോഴാണ് കിണറ്റിൻകരയിൽ ഇരിക്കുന്ന കുടം കണ്ടത്. ആർത്തിയോടെ കാക്ക അതിനടുത്തേക്ക് പറന്നെത്തി. കുടത്തിനുള്ളിലേക്ക് നോക്കി. അപ്പോൾ കാക്ക അതിൽ വളരെ കുറച്ച് വെള്ളമേ കണ്ടുള്ളൂ. എത്ര നീട്ടിയാലും കൊക്ക് വെള്ളത്തിലേക്ക് എത്തുന്നില്ല. പെട്ടെന്ന് കാക്കയ്ക്ക് ഒരു ബുദ്ധി തോന്നി.

അവൻ കുറേ കല്ലുകൾ കൊത്തിയെടുത്ത് ഒരോന്നായി കുടത്തിലേക്കിട്ടു. കുടത്തിലെ വെള്ളം പൊന്തിവന്നു. വെള്ളം കുടിച്ച് ദാഹം തീർത്ത കാക്ക അവിടെ നിന്നും പറന്നുപോയി.



*ശരൺ*

# അമ്മ

താരാട്ടുപാടിയുറക്കുമെന്നെ
എന്റെ സ്വന്തം അമ്മ
പൊന്നിൻകുടമാണെൻ അമ്മ
പൂപോൽ ചിരിക്കുന്നൊരമ്മ
കൃഷ്ണമണിപോലെ കാക്കുമെന്നെ
ഒരു കുഞ്ഞുശലഭമായി നോക്കുമെന്നെ
എന്റെ നല്ലൊരമ്മ.
എന്റെ സങ്കടങ്ങളിൽ
സാന്ത്വനമായ് വരും പൊന്നമ്മ..

അരുൺ



# കൊക്കിന്റെ നിൽപ്പ്

**ധ്യാനിച്ച നിൽപ്പാണ്ണ് കൊക്ക്,
ധീരനായിട്ടാണ് നിൽപ്പ്,
നാണിച്ച നിൽപ്പെന്ന വെപ്പ്,
ബോധിക്കുമാർക്കുമാ ലുക്ക്,**

**നീയൊന്ന കണ്ണു തുറക്ക്,
നാലുപാടും നന്നായ് നോക്ക്,
മീനിനെ കൊക്കിലെടുക്ക്
പാറിക്കോ തെക്കുവടക്ക്!**

**പക്ഷിവേട്ടക്കാരെ നോക്ക്,
പൊട്ടുന്ന തോക്കുണ്ടവർക്ക്!
ചാക്കിൽ പൊതിയാതെ നോക്ക്,**

***കൊക്കുദൈവങ്ങളേ, കാക്ക്...!***

***ബിസ്മോൻ***





Lk_31039

# ആമയും മുയലും

ഒരിക്കൽ നമ്മുടെ ആമയും മുയലും ഒരുമിച്ച് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ, കേരളത്തിൻെറ ഒരറ്റം മുതൽ മറ്റേയറ്റംവരെ ഓടി തീർക്കുക.നൂറ് കണക്കിന് കിലോമീറ്റർ ഉള്ളതുകൊണ്ട് ദിവസങ്ങളും മാസങ്ങളും എത്രയെടുത്താലും വേണ്ടില്ല,ആദ്യം എത്തുന്ന വർക്കാണ് സമ്മാനം കിട്ടുക.പക്ഷെ ഇവിടെ ഒരു സുമാർ ഇവരുടെ ഓട്ടത്തിൻെറ ദൂരം നമ്മുക്കറിയാം. ഓട്ടക്കാരനായ മുയൽ ഒരു ദിവസം രണ്ടു കിലോമീറ്റർ ഓടും. ബാക്കി സമയം വിശ്രമത്തിലാണ്. എന്നാൽ നമ്മുടെ മടിയനായ ആമക്കുട്ടന് ഒരു ദിവസം മുന്നൂറ് മീറ്റർ മാത്രമെ ഇഴഞ്ഞു നീങ്ങാൻ സാധിക്കുന്നുള്ളൂ. ബാക്കി വിശ്രമത്തിനായും ഉപയോഗിക്കുന്നു.ഇങ്ങനെയൊക്കെ ആയിട്ടും,ഏകദേശം പത്ത് മാസം കൊണ്ട് മുയൽ കാസർഗോഡ് എത്തുമെന്ന് ചെറിയൊരു പ്രതീക്ഷ അവനുണ്ട്. എന്നാൽ നമ്മുടെ ആമക്കുട്ടന് ഈ തോതിൽ ഇഴഞ്ഞ് കോഴിക്കോടെത്തുമ്പോഴേക്കും എത്ര കൊല്ലം കഴിഞ്ഞിരിക്കുമെന്ന് കൂട്ടുകാർക്ക് കൂട്ടി പറയാമോ?

ഉത്തരം:1 കൊല്ലം ,കാരണം തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടക്ക് കൊല്ലം എന്നുപറയുന്ന ഒരു സ്ഥലമല്ലേയുള്ളൂ



***അദ്വൈത്***

# കിഴി കെട്ടഴിക്കാതെ   കൊടുക്കാം

*ഒരാളുടെ കൈയ്യിൽ ആയിരം സ്വർണ്ണനാണയങ്ങളുണ്ട്.*

*മറ്റൊരാൾ സൂക്ഷിക്കാൻ ഏൽപ്പിച്ചതാണ്. അവർ നാണയങ്ങൾ പത്തു*

*കിഴികളിലായ് കെട്ടിവച്ചിരിക്കുന്നു. ഒന്നു മുതൽ ആയിരം വരെ എത്രസ്വർണ്ണനാണയങ്ങൾ*

*ആവശ്യപ്പെട്ടാലും കിഴി കെട്ടഴിക്കാതെ കൊടുക്കണമെന്നാണ് വ്യവസ്ഥ. അങ്ങനെയെങ്കിൽ സ്വർണ്ണനാണയങ്ങൾ എങ്ങനെ ഭാഗിച്ചു*

*കെട്ടിവയ്ക്കണം?*

*ഉത്തരം: ഒന്നാം കിഴി =1*

*രണ്ടാം കിഴി=2*

*മൂന്നാം കിഴി=[2+2]=4*

*നാലാം കിഴി=[4+4]=8*

*അഞ്ചാം കിഴി=[8+8]=16*

*ആറാം കിഴി=[16+16]=32*

*ഏഴാം കിഴി=[32+32]=64*

*എട്ടാം കിഴി=[64+4]=128*

*ഒമ്പതാം കിഴി=[128+128]=256*

*പത്താം കിഴി=1000-511= 489*

സനൽ





Lk_31039

# തുമ്പി

പാറിപ്പറക്കുന്ന കുഞ്ഞുതുമ്പി
പാറിപ്പറന്നൊന്നു വാ വാ വാ
വർണ്ണച്ചിറക്കും വീശിവീശി
പൂമരക്കൊമ്പിൽ പറന്നുവായോ...
മഞ്ചാടിക്കാട്ടിലെ
പൂമരക്കൊമ്പിൽ
ഇത്തിപ്പൂവിൽ വന്നിരിക്കു....

സിൽജു



# പറക്കും തോണി

ഹയാൻ ഒരു കടത്തുകാരനാണ്.ഒരിക്കൽ നാട്ടിൽ

മഴക്കാലമെത്തി .

രണ്ട് ദിവസം പെരുമഴ പെയ്തു .നദികളെല്ലാം കരകവിഞ്ഞു .
ജോലിയില്ലാതെ ഹയാൻ പൊറുതിമുട്ടി

മഴ കുറഞ്ഞ ഒരു ദിവസം ഹയാൻ നദിക്കരയിലെത്തി
.കടവിൽ ആരുമില്ല

പെട്ടെന്നാണ് കുറ്റിക്കാട്ടിൽ നിന്ന് ഒരു കരച്ചിൽ കേട്ടത്! അയാൾ
അങ്ങോട്ടു ചെന്നു. നോക്കിയപ്പോഴോ ഒരു കുഞ്ഞൻ വ്യാളി
തണുത്തുവിറച്ചു കരയുന്നു .

തീ തുപ്പുന്ന ഭീകരൻമാരാണ് വ്യാളികൾ " എന്തുപറ്റി വ്യാളിക്കുഞ്ഞേ
?" ഹയാൻ ചോദിച്ചു ഞാൻ ഇതുവഴി പറന്നു പോവുകയായിരുന്നു .
അപ്പോൾ മഴ നനഞ്ഞ് ഇവിടെ വീണുപോയി .
വെള്ളത്തിൽ കുതിർന്നാൽ എൻെറവായിലെ തീയണയും .
എന്നെ അക്കരെ എത്തിക്കാമോ ? കുഞ്ഞൻ വ്യാളി
സങ്കടത്തോടെ പറഞ്ഞു .ഹയാൻ വ്യാളിയെയും കൊണ്ട്
മറുകരയെത്തി.തളർന്നുപോയ ഹയാൻ വള്ളത്തിൽ വീണുപോയി

## വാതിൽപ്പടി

*. കുഞ്ഞൻ വ്യാളി ഉറക്കെ നിലവിളിച്ചതോടെ കുറെ വ്യാളികൾ അവിടെയെത്തി ഉടനെ വ്യാളി നേതാവ് ഒരു മന്ത്രം ചൊല്ലി അതോടെ ഹയാൻെറ ക്ഷീണമെല്ലാം മാറീ തളർന്നു കിടന്ന ഞങ്ങളുടെ വ്യാളിക്കുഞ്ഞിനെ രക്ഷിച്ചതിനു പകരമായി നിൻെറ വള്ളത്തിനു ഞങ്ങൾ പറക്കാനുള്ള കഴിവ് തരുന്നു ! വള്ളത്തിൽ നീയില്ലാതെ ആരെങ്കിലും കയറുന്നത് അപകടമാണ്...... വ്യാളി നേതാവ് പറഞ്ഞു അന്നുമുതൽ ഹയാൻ പറക്കും വള്ളത്തിൽ അക്കരെ എത്തിക്കാൻ തുടങ്ങി ഹയാൻെറ കഷ്ടപ്പാടെല്ലാം മാറി . അ രാജ്യത്തെ ദുഷ്ടൻ രാജാവ് വഞ്ചിയെക്കുറിച്ച് കേട്ട് അത് സ്വന്തമാക്കാനെത്തി . അയ്യോ... വള്ളം തട്ടിയെടുക്കല്ലേ ഹയാൻ കരഞ്ഞു പറഞ്ഞിട്ടും രാജാവ് കേട്ടില്ല . പെട്ടെന്ന് ഭും ... എന്ന് വലിയ ശബ്ദത്തോടെ വള്ളം പൊട്ടിതകർന്നു . രാജാവ് എല്ലൊടിഞ്ഞ് കിടപ്പിലായി . പെട്ടെന്ന് ഒരു അശരീരി മുഴകി ഹയാൻ വന്ന് കൈപിടിച്ച് എഴുന്നേൽപ്പിച്ചാൽ മാത്രമേ രാജാവ് സുഖം പ്രാപിക്കു . അവൻ കൈയിൽ പിടിച്ചതും രാജാവിന്റെ അവശതയെല്ലാം മാറി രാജാവ് ഹയാന് ചാക്കുനിറയെ സ്വർണനാണയം നൽകി....*

ജോഹാൻ



# പൂവും കിളിയും

അമ്പലക്കുളത്തിൽ കുറച്ച് പൂക്കൾ വിടർന്നു നിൽക്കുന്നുണ്ടായിരുന്നു പ്രഭാതമായപ്പോൾ ഒരു കൂട്ടം പക്ഷികൾ പറന്നു വന്ന് ഓരോ പൂവിലുമായി ഇരുന്നു. പക്ഷെ ഒരു പക്ഷിക്ക് മാത്രം ഇരിക്കൻ  പൂവില്ലാതായി. അവൻ സങ്കടപ്പെട്ട് പാറി ന ടന്നപ്പോൾ മറ്റു പക്ഷികൾക്കും വിഷമമായി . അവർ ഒന്നിച്ച് വീണ്ടും ഒരു പൂവിൽ രണ്ടു പക്ഷികൾ വീതം ഇരുന്നു. പക്ഷെ അപ്പോഴല്ലെ രസം. ഇപ്പോളവിടെ ഒരു പൂവ് ബാക്കിയായിരിക്കുന്നു എങ്കിൽ ആ കൂട്ടത്തിൽ ആകെ എത്ര പക്ഷികളുണ്ട്?കുളത്തിൽ എത്ര പൂക്കളുണ്ടാ?കൂട്ടുകാർക്ക് കൂട്ടി നോക്കാതെ ഉത്തരം പറയാമോ?

ഉത്തരം :മൂന്ന് പൂവ്, നാലു  കിളികളും

ആൽഡോ റെജി





Lk_31039

# ചാച്ചാജി

*തലയിൽ നല്ലൊരു തൊപ്പിയും*
*കീശയിൽ റോസാപ്പൂവും*
*കണ്ണിൽ നിറയെ സ്നേഹവുമായി*
*പുഞ്ചിരിയോടെ നിൽക്കുന്ന*
*നമ്മുടെയെല്ലാം ചാച്ചാജി..*
*കുട്ടികൾക്കേറെ ഇഷ്ടമാണ്...*
*ചാച്ചാജി എന്നൊരു അപ്പൂപ്പനെ....*



ജിസ്ന

# ഗണിതം ശോഭിക്കുന്നു

**"യഥാശിഖാ മയൂരാണാം**

**നാഗാനാം മണയോ യഥാ**

**തദ് വദ് വേദാംഗശാസ്ത്രാണാം**

**ഗണിതം മൂർധ്നി സ്ഥിതം"**

**മയിലുകളുടെ ശിരസിൽ ചൂഡയെന്നപോലെയും**

**സർപങ്ങളുടെ ഫണത്തിൽ മാണിക്യമെന്നപോലെയും**

**ശാസ്ത്രങ്ങളുടെ മൂർധാവിൽ ഗണിതം ശോഭിക്കുന്നു**

**"വേദാംഗജ്യോതിഷം"**

**(ഉദ്ദേശം ബി.സി.500)**

ജെഫി



# കടംകവിത

ഇത്തിരിപ്പോന്നോർ നയിക്കും
ജാഥ
ഒത്തിരി ദൂരത്തിൽ നീങ്ങും ജാഥ
വരിയൊത്ത ജാഥ നിരയൊത്ത
ജാഥ
അരിമണിയേന്തി നടത്തും

## ഉറുമ്പ്

ബിഫീന



# പി.ഭാസ്കരൻ
# (1924–2007)

**കവി,ഗാനരചയിതാവ്,ചലച്ചിത്രകാരൻ,മാധ്യമപ്രവർത്തകൻ, എന്നീ നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപിക പത്രാധിപർ, ഏഷ്യാനെറ്റിന്റെ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും, വയലാർ ഗർജിക്കുന്നു, ഓടക്കുഴലും ലാത്തിയും, ഒരിക്കൽക്കൂടി, കായൽക്കാറ്റ്, രണഭേരി, കർഷകഗാനം, മുൾക്കിരീടം, മുഖത്തോടുമുഖം (കവിതകൾ), ദേശീയഗാനങ്ങൾ, സിനിമാഗാനങ്ങൾ, നാഴിയുരിപ്പാല് (ഗാനസമാഹാരങ്ങൾ), കാടാറുമാസം, സിനിമാനിർമ്മാണം (ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.**

അശ്വിൻ





Lk_31039

# ഒരു മുടി നരച്ച ചേട്ടൻ

കേശവ് ലാലിന് രണ്ട് അനുജന്മാരുണ്ട്- മദൻലാലും കിഷൻലാലും. വീട്ടിലെ സകല ജോലികളും കേശവ് ലാൽ കിഷനെക്കൊണ്ടാണ് ചെയ്യിക്കുക. എന്തെങ്കിലും ചെറിയൊരു തെറ്റു പറ്റിയാലോ? കഠിനമായി ശിക്ഷിക്കുകയും ചെയ്യും.

ഒരു ദിവസം കേശവ് ലാൽ രാവിലെ തന്നെ കിഷനോട് പറഞ്ഞു: "ഞങ്ങൾ പട്ടണത്തിൽ പോകുന്നു.വൈകിട്ടേ വരൂ.വരുമ്പോഴേക്കും പണികളെല്ലാം തീർക്കണം." കിഷൻ ഒരു നിമിഷം പോലും വിശ്രമിക്കാതെ ജോലി തുടങ്ങി. മുറികൾ തുടച്ചു വൃത്തിയാക്കി, പശുക്കളെ കുളിപ്പിച്ചു, അവയ്ക്കു പുല്ലും വെള്ളവും കൊടുത്തു. മുറ്റം അടിച്ചുവാരി, വസ്ത്രങ്ങൾ അലക്കി, വെള്ളം

കോരിവച്ചു, ചേട്ടന്മാർ വരുന്ന സമയമടുത്തപ്പോഴേക്കും അത്താഴം തയ്യാറാക്കിവച്ചു...

എല്ലാം കഴിഞ്ഞപ്പോഴേക്കും സന്ധ്യയായി. അപ്പോഴേക്കും കേശവ് ലാലും മദൻലാലും എത്തി. കുളി കഴിഞ്ഞ് അത്താഴത്തിനിരുന്ന അയാൾ കറിയെടുത്ത് നാവിൽവച്ചതും കിഷനെ അടുത്തുവിളിച്ചു.

“ഹും...കറിക്ക് ഉപ്പ കുറവാ!”

അതും പറഞ്ഞ് കേശവ് ലാൽ കിഷനെ ഒറ്റയടി!പാവം കിഷൻ നിലത്തുവീണു.നെറ്റി മുറിഞ്ഞു.

പിറ്റേന്ന് വീട്ടിൽ വന്ന ഒരാൾ കിഷൻലാലിനെ കണ്ട് ചോദിച്ചു:”നെറ്റി മുറിഞ്ഞല്ലോ. എന്തുപറ്റി?”

“ഒരു മുടി നരച്ച ചേട്ടൻ അടിച്ചതാ,”കിഷൻലാൽ പറഞ്ഞു.

കേശവ് ലാൽ കിഷനെ തുറിച്ചു നോക്കി. വിരുന്നുകാരൻ പോയപ്പോൾ അയാൾ ചോദിച്ചു:“ഹും...എന്റെ ഒരൊറ്റ മുടിയേ നരച്ചിട്ടുള്ളൂ. ബാക്കി മുടിയെല്ലാം കറുത്തതല്ലേ!”

അപ്പോൾ കിഷൻ പറഞ്ഞു: “കറിയിൽ ഉപ്പ് അൽപം കുറഞ്ഞതേയുള്ളൂ. ബാക്കി ഞാൻ ചെയ്ത ജോലിയെല്ലാം കൃത്യമായിരുന്നില്ലേ?”

കേശവ് ലാൽ ഞെട്ടിപ്പോയി. നൂറു കണക്കിനു ജോലികൾ ചെയ്തിട്ട് ഒരു നല്ല വാക്കുപോലും താൻ അനുജനോടു പറഞ്ഞിട്ടില്ല! തെറ്റു കണ്ടാൽ മാത്രമല്ല, നല്ലതു കണ്ടാലും പറയണം എന്നു താൻ മറന്നു!

അഞ്ജന



# പ്രണയം കൊണ്ടെത്തിച്ച വിപത്ത്

സൂര്യനുദിച്ചു.... പ്രകാശം ഭൂമിയിലാകെ പടർന്നു.വെളിച്ചം കടന്ന് കടന്ന് അവസാനം അത് മരിയയുടെ മുറിവരെ എത്തി. പ്രകാശത്തിന്റെ കിരണങ്ങൾ അവളുടെ തുടുതുടുത്ത കവിളിലും,അവളുടെ കരിനീല കണ്ണുകളിലും തട്ടി. അവൾ പ്രസന്നവദനയായി എഴുന്നേറ്റു. തനിക്ക് ഒരു പ്രഭാതവും കൂടി തന്ന സർവ്വശക്തനായ ദൈവത്തിന് അവൾ നന്ദി പറഞ്ഞു.

അതിസുന്ദരി മരിയ. അതീവ തീക്ഷണമതിയും ദൈവീകകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തുന്നവളും പഠനത്തിൽ മികവുള്ളവളുമാണ്. മരിയയുടെ ചെറുപ്രായത്തിൽ തന്നെ അവളുടെ അപ്പൻ രോഗബാധിതനായി മരണമടഞ്ഞു. അവളെ പോറ്റിവളർത്തിയത് അവളുടെ അമ്മയാണ്. ദാരിദ്ര്യവേദന അമ്മ അവളെ അറിയിക്കാതെയാണ് വളർത്തിയതെങ്കിലും അവൾക്ക് എല്ലാം തന്നെ അറിയാമായിരുന്നു. ആ അമ്മയുടെ ഏകമകളാണ് മരിയ. ചെറുപ്പകാലം മുതലേ അമ്മ അവളെ വിശുദ്ധിയിലാണ് വളർത്തിയത്. അമ്മ അന്യരുടെ വീടുകൾ പോയി വൃത്തിയാക്കിയും കൂലിപ്പണി ചെയ്തുമാണ് അവളെ പോറ്റിയത്.അങ്ങനെ അവൾ വളർന്നു. ഇന്ന് അവൾ പത്താം ക്ലാസിൽ പഠിക്കുന്ന പെൺകുട്ടിയാണ്. അവൾ ഇപ്പോഴും വിശ്വാസചൈതന്യത്തിൽ വളർന്നുവരുന്നു. പക്ഷേ വളരെ ചുരുങ്ങിയ ജീവിതകാലയളവിൽ അവളിൽ വളരെ മാറ്റം കണ്ടുവന്നു. അവൾ പഠനകാര്യങ്ങളിലും മതപഠനകാര്യങ്ങളിലും താത്പര്യം കാണിക്കാതെയായി. അവളുടെ അമ്മയുടെ ദുഃഖങ്ങളും കഷ്ടപ്പാടുകളും അവൾ മറന്നുപോയി. അമ്മയ്ക്ക് അവളിൽ നല്ല മാറ്റമുണ്ടെന്ന് അറിഞ്ഞിട്ടും ദുഃഖത്തിന്റെയും ദാരിദ്ര്യത്തിന്റെയും പ്രതീകമായ ആ അമ്മ ഒന്നുംതന്നെ അവളോട് പറഞ്ഞില്ല. പത്താം ക്ലാസിലെ ഓണപ്പരീക്ഷയുടെ റിസൾട്ടുവന്ന ആ സമയത്ത് അവൾ ആകെ തകർന്നിരുന്നു. P.T.A മീറ്റിംഗ് സ്കൂളിൽ വിളിച്ചു കൂട്ടിയ കാര്യം പോലും

## വാതിൽപ്പടി

അവൾ അവളുടെ അമ്മയോടു പറഞ്ഞില്ല. മറ്റു വിദ്യാർത്ഥികളിലൂടെ ഈ വിവരം അറിഞ്ഞ അമ്മയുടെ മനസ്സ് സങ്കടം കൊണ്ട് പൊട്ടിക്കരഞ്ഞു. വിവരം അറിഞ്ഞ് സ്കൂളിൽ എത്തിയ അമ്മയെ കണ്ട് അവളും കോരിതരിച്ചു പോയി. ടീച്ചേഴ്സിലൂടെ തന്ടെ മകളെക്കുറിച്ച് നല്ലതുമാത്രം കേട്ടിരുന്ന ആ അമ്മ ഇന്ന് വളരെ നിസ്സഹായാവസ്ഥയിലാണ് ആ അദ്ധ്യാപകരുടെ മുൻപിൽ നിൽക്കുന്നത്.

മറ്റ് മിദ്യാർത്ഥികളിലൂടെയും അദ്ധ്യാപകരിലൂടെയും ആ അമ്മ അറിയാൻ ഇടയായ സത്യം മറ്റൊന്നായിരുന്നു.തന്റെ മകൾ, തന്റെ പൊന്നോമന മകൾ ഇതാ തന്റെ കൈയ്യിൽനിന്നും "പ്രണയം" എന്ന വികാരത്തിന്റെ പടുകുഴിയിൽ വീണിരിക്കുന്നു.

ഈ വാക്ക് കേട്ടതും ആ അമ്മയ്ക്ക് അവിടെ നിൽക്കാൻ സാധിച്ചില്ല. കാരണം ആ അമ്മ തന്റെ മകളിൽനിന്നും ഇതായിരുന്നില്ല പ്രതീക്ഷിച്ചത്.തന്റെ ഭർത്താവ് മരിച്ച് താൻ ഒറ്റപ്പെട്ടിരുന്ന സമയത്ത് "തനിക്ക് താങ്ങായും മകൾക്ക് താങ്ങായും" ആണ് അവർ കഴിഞ്ഞിരുന്നത്. ആ ഷോക്കിൽനിന്നും ആ അമ്മയ്ക്ക് ഒരിക്കലും വിടുതൽ കിട്ടിയിരുന്നില്ല. ആ ശാന്തതയിൽ അമ്മ ഒരു മാനസികരോഗിയായി മാറിയിരിക്കുന്നു. ഇതറിഞ്ഞ മകൾ തന്റെ പഴയ ജീവിതത്തിലേക്ക് തിരിച്ചുവന്നപ്പോഴേക്കും അവൾക്ക് അവളുടെ അമ്മയെ നഷ്ടപ്പെട്ടിരുന്നു.

അഞ്ജലി



# എന്റെ ഭാഷ

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേൽ അമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യന്റെ പെറ്റമ്മ തൻ ഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ;
അമ്മതാൻ തന്നെ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ.

ആൽഡോ



# കുറ്റബോധം

ഒരിടത്ത് ഒരു കാട്ടിൽ ഒരു അപ്പൂപ്പനും അമ്മൂമയും ഉണ്ടായിരുന്നു. അവരുടെ ജീവിതം വളരെ ദയനീയമായിരുന്നു.അവരുടെ മക്കൾ അവരെ കാട്ടിൽ മാതാപിതാക്കളുടെ നല്ല പ്രയത്തിൽ തന്നെ ഉപേക്ഷിച്ചു. തങ്ങളെ വേണ്ടാത്ത മക്കളുടെ അടുത്തേക്ക് വീണ്ടും പോകണമോ എന്ന ചിന്തമൂലം അവർ കാട്ടിൽ തന്നെ ജീവിച്ചു. മക്കൾക്ക് വളരെ അധികം സമ്പത്ത് ഉണ്ടായുരുന്നു. മക്കൾ അവരെ കാട്ടിൽ ഉപേക്ഷിച്ചതിനുശേഷം തിരിഞ്ഞുനോക്കിട്ടുണ്ടായിരുന്നില്ല. എന്നാൽ അപ്പൂപ്പനും അമ്മൂമയും തങ്ങളുടെ മക്കളെ വളരെ അധികം സ്നേഹിച്ചിരുന്നു.അപ്പൂപ്പന്റെയും അമ്മൂമയുടെയും പേരിൽ ഒരുപാട് സ്വത്തുക്കൾ ഉണ്ടായിരുന്നു. മക്കൾ സ്വത്തിനായി ഒരുപാടു തവണ ആവശ്യപ്പെട്ടു എന്നാൽ അത് മക്കൾക്ക് നൽകില്ല എന്ന് അപ്പൂപ്പനും അമ്മൂമയും അവരോട് പറഞ്ഞു. ഈ കാരണത്താലാണ് അപ്പൂപ്പനെയും അമ്മൂമയെയും കാട്ടിൽ ഉപേക്ഷിച്ചത്.അങ്ങനെയിരിക്കെ ഒരിക്കൽ കാട്ടിൽ ഉണ്ടായിരുന്ന സിംഹകുട്ടികൾ അവർ ഇരുവരെയും വലിച്ചിഴച്ചുകൊണ്ടുപൊയി ഇതറിഞ്ഞ് മക്കൾ കാട്ടിൽ എത്തി. അവർ ചെന്നപ്പോഴേക്കും അപ്പൂപ്പനും അമ്മൂമയും മരിച്ചിരുന്നു. അടുത്ത ദിവസം അവരുടെ അടുത്ത് ഒരു വക്കീൽ വന്നു. അദ്ദേഹം പറഞ്ഞു അവരുടെ മാതാപിതാക്കളുടെ സർവ്വസ്വത്തും അവരുടെ പേരിൽ എഴുതിവച്ചിരുന്നു. ഇതറിഞ്ഞ് മക്കൾക്ക് വളരെ കുറ്റബോധം ഉണ്ടായി.

ഏബൽ ടോം



# ചിത്രം പൂർത്തിയാകുമ്പോൾ . . .

"ഓ പൊക്കോളാമേ..." പുച്ഛത്തോടെയാണ് അയാൾ ഫോൺ കട്ട് ചെയ്തത് ഭാര്യയുടെയായിരുന്നു ഫോൺവിളി "ഉം... മോന്റെ പി.റ്റി.എ യ്ക്ക് അച്ഛൻ തന്നെ ചെല്ലണമത്രെ.. പതിവ് ഉപദേശങ്ങളും പിരിവ് ചോദിക്കലും.... അതിനുമപ്പുറം എന്ത് ഉണ്ടാവാനാ..."അങ്ങനെ പോയി അയാളുടെ പിറുപിറുക്കലുകൾ...

സ്കൂളിന്റെ മുൻപിൽ എത്തിയപ്പോൾ 3:50..."ഉം...ഒപ്പിട്ടിട്ട് തടിതപ്പാം...ഭാര്യയുടെ പരാതിയും തീരുമല്ലോ" വണ്ടി സ്കൂൾ മുറ്റത്തേയ്ക്ക് തിരിഞ്ഞു.

മീറ്റിങ്ങ് ഏതാണ്ട് തീരാറായി... ക്ലാസ്സ്റ്റീച്ചറെ കണ്ട് നന്നായൊന്ന് ചിരിച്ചു...ഒരു മൂലയ്ക്കിരുന്ന് പോക്കറ്റിൽ നിന്ന് മോബൈലെടുത്ത് നോക്കാൻ തുടങ്ങി...

"റേയാന്റെ അച്ഛനല്ലേ"?

ചോദ്യം കേട്ട് അയാൾ മുഖമുയർത്തി......ക്ലാസ്സ് ടീച്ചറിന്റെ കൈയിൽ ഒരു പേപ്പർ... "ഇത് മോൻ വരച്ച ചിത്രമാണ്"

ചിത്രത്തിലേയ്ക്ക് അയാൾ കൗതുകത്തോടെ നോക്കി. "ങേ... നന്നായിട്ടുണ്ടല്ലോ...അവൻ ഇത്രയും നന്നായി ചിത്രം വരയ്ക്കുമായിരുന്നോ? അയാൾ അത്ഭുതപ്പെട്ടു

"റേയാൻ നന്നായി വരയ്ക്കും..പക്ഷെ ഈ ചിത്രത്തിനു ഒരു കുറവുണ്ട്"

അല്ലേലും ഈ അധ്യാപകരിങ്ങനെയാ...കണ്ടുപിടിക്കാൻ മിടുക്കുള്ളവർ കുറ്റമാണെന്നു മാത്രം...

"ഇതിലിപ്പോ...എന്താ ഒരു കുറവ്...വീടിന്റെ ചിത്രം അസ്സലായിട്ടുണ്ടല്ലോ?

## വാതിൽപ്പടി

അമർഷം അയാളുടെ വാക്കിൽ ഉണ്ടായിരുന്നു.

"ഉണ്ട് ഈ ചിത്രത്തിൽ നിങ്ങളില്ല..അതുതന്നെ..."

മറുപടികൾ എല്ലാം കെട്ടുപിണഞ്ഞ് മുകളിലേയ്ക്കുയർന്ന് തൊണ്ടയിൽ കുരുങ്ങി പതിവ് പരിപാടികളിൽ പതിവുള്ള ആത്മാർത്ഥതയും ആസ്വാദനവും ഉണ്ടായിരുന്നില്ല...ഉള്ളിൽ എന്തോ കൊളുത്തി വലിക്കുന്നത് പോലെ... വല്ലാത്ത പുകച്ചിൽ.... നീറ്റൽ....തീവ്രവേദന...

ശരിയാണ്.. അവന്റെ ക്യാൻവാസിൽ നിന്നും എന്നാണ് ഞാൻ പുറത്തായത്...ബിസ്സിനസ്സ് അടിവച്ചടിവച്ച് കയറിയപ്പോൾ ഞാൻ മറന്നു പലതും... അവന്റെ ബാല്യം...കുസൃതികൾ...സ്നേഹം...പലതിനും സമയം ഉണ്ടായിരുന്നില്ലല്ലോ.ബിസ്സിനസ്സ് മീറ്റിംഗുകൾ, പാർട്ടികൾ അതിനിടയ്ക്ക് ഞാൻ എപ്പോഴോ അവന്റെ ക്യാൻവാസിൽനിന്ന് വഴുതിപ്പോയി...

നേടിയതൊക്കെ ഒന്നുമല്ലന്ന് മനസ്സിലായി.എന്തായാലും അയാൾ ഒന്നു തീരുമാനിച്ചു അവന്റെ അടുത്ത ചിത്രത്തിൽ താൻ ഉണ്ടാവണം.അയാൾ അയാളുടെ വീട്ടിൽ എത്തി.മകൻ തന്റെ ക്യാൻവാസിൽ ചിത്രം വരയ്ക്കാൻ ആരംഭിച്ചിരുന്നു.അവന്റെ ചാരത്ത് അമ്മയും ഉണ്ടായിരുന്നു.ചിത്രം പൂർത്തിയാവുന്നതിനുമുൻപ് അയാൾക്ക് അവർക്കരികിൽ എത്തിച്ചേരാനാകുമോ???

- അഞ്ജലി മേരി ജിനു.



# കുങ്കിയും മക്കളും

കുങ്കിക്കുരങ്ങത്തിയമ്മയ്ക്കുണ്ടേ
അമ്പേ കുസൃതിയാം നാലു മക്കൾ
നാലും തലകീഴായ് വാലിൽത്തൂങ്ങി
ഒരേ വികൃതികൾ കാട്ടിക്കൂട്ടും
കായ്കൾ പറിച്ചുവലിച്ചു വിൽക്കും
കാലിൽ പിടിച്ചു വലിച്ചു വീഴ്ത്തും
കൊഞ്ഞനം കുത്തും കടിച്ചു കീറും
പഞ്ഞിക്കായ്  വാനിൽ പറത്തി വിടും
അമ്മയതു കണ്ട് പുഞ്ചിരിക്കും
എന്നും വിരുന്നൂട്ടി സൽക്കരിക്കും
അച്ഛൻകുരങ്ങിൻ നിഴലു കണ്ടാൽ
ഒച്ചയില്ലാതവർ ഓടിമാറും.

*സിൽജു*





Lk_31039

# സമചതുരം

ഞാനൊരു സുന്ദര സമചതുരം
വലിയ ഒരു കേമൻ ഗണിതത്തിൽ
തൊണ്ണൂറാണെൻ ഓരോകോണും
വശമോനാലും സർവ്വസമം
ടീച്ചർ ബോർഡിൽ പടിപ്പിക്കാനായി
എന്നെ വരച്ചതോർക്കുന്നോ?
ചിത്രകാരനായപ്പോൾ എന്നെ വരച്ചു
പലവട്ടം.

ആദർശ്





Lk_31039

# ശശി

# കഥകൾ

നിങ്ങളുടെ നൊമ്പരങ്ങൾ ചിലപ്പോൾ

മറ്റുള്ളവരിൽ ചിരി പടർത്തിയേക്കാം

പക്ഷേ, ഒരിക്കലും നിങ്ങളുടെ ചിരി

മറ്റുള്ളവർക്ക് നൊമ്പരമാകരുത്. അണി

ഞ്ഞൊരുങ്ങുന്നതിനിടെഭാര്യ ഭർത്താവിനോട്: എൻെറ

ക്ലിപ്പ് നിങ്ങൾ കണ്ടോ ?

രോഷാകുലനായി ഭർത്താവ്:

ഒരുമെട്ടോളേ നിൻെറയും ഇറങ്ങിയോ.

പള്ളീലച്ചൻ രാവിലെ തന്നെ ഒരു ബോർഡ്

സ്ഥാപിക്കുകയായിരുന്നു.മാനസാന്തരപ്പെടുവിൻ.... പുതിയ

വഴിയിലൂടെ സഞ്ചരിക്കുവിൻ....ബൈക്കിൽ വന്നൊരു

ചെറുപ്പക്കാരൻ ആ ബോർഡ് കണ്ട് വായിൽ തോന്നിയ

ചീത്ത മുഴവൻ വിളിച്ച് ബൈക്കിൽ റൈസ് ചെയ് ത്

മുന്നോട്ടു കുതിച്ചു.

ചാർലി ചാപ്ലിൻ



# മണ്ണേനമ്പിലേലയ്യാ

മണ്ണേനമ്പിലേലയ്യാ മരമിരുക്ക്...

മരത്തേനമ്പിലേലയ്യാ മണ്ണിരുക്ക്...

മരത്തേനമ്പിലേലയ്യാ കൊമ്പിരുക്ക്...

കൊമ്പെനമ്പിലേലയ്യാ ഇലയിരുക്കു്...

ഇലയെനമ്പിലേലയ്യാ പൂവിരുക്ക്...

കായേനമ്പിലേലയ്യാ പഴമിരിക്ക്...

പഴത്തേനമ്പിലേലയ്യാ നാമിരുക്ക്...

നമ്മേനമ്പിലേലയ്യാ നാടിരുക്ക്.....

-അട്ടപ്പാടിയിലെ ഇരുളരുടെ പാട്ട്.

*ഏബൽ ടോം*





Lk_31039

# ***A Prayer in spring***

Oh, give us pleasure in the flowers to-day;
And give us not to think so far away
As the uncertain harvest; keep us here
All simply in the springing of the year.

Oh, give us pleasure in the orchard white,
Like nothing else by day, like ghosts by night;
And make us happy in the happy bee,
The swarm dilating round the perfect trees.

And make us happy in the darting bird
That suddenly above the bees is heard,
The meteor that thrusts in with needle bill,
And off a blossom in mid air stands still.

For this is love and nothing else is love,
The which it is reserved for God above
To sanctify to what far ends He will,
*But which it only needs that we fulfil*

*ആൽഡോ റെജി*





Lk_31039

# ഞാറ്റുവേല

ഞായറിൻെറ -സൂര്യൻെറ നിലയാണ് ഞാറ്റുവേല.
ഒരു ജന്മനക്ഷത്രത്തിൻെറ അരികിലൂടെ
ശരാശരി പതിമൂന്നര ദിവസം സൂര്യൻ
സഞ്ചരിക്കും.ഈ കാലയളവ് ആ
നക്ഷത്രത്തിൻെറ പേരിൽ അറിയപ്പെടുന്ന
ഞാറ്റുവേലക്കാലമാണ്. ഞാറ്റുവേലയ്
ക്കനുസരിച്ചായിരുന്നു മുമ്പൊക്കെ നമ്മുടെ
കൃഷിരീതികൾ ക്രമീകരിക്കപ്പെട്ടിരുന്നത്.
രോഹിണി ഞാറ്റുവേലപയർവർഗ്ഗ കൃഷിക്കും
തിരുവാതിര ഞാറ്റുവേല കുരുമുളകുകൊടി നടാനും
അത്തം വാഴക്കൃഷിക്കും ഉത്തമമെന്നാണ്
അനുഭവസമ്പന്നരായ കർഷകക്കരണവന്മാർ
പറയുക. കുംഭമാസത്തിൽ വെളുത്ത
വാവുനാളിൽ സന്ധ്യയ്ക്ക് ചന്ദ്രനുദിക്കുമ്പോൾ
ചേനനടണമെന്നാണ് പ്രമാണം.
കുംഭഷ്പറ



ജെഫി

# ക്വിസ് ജാനുവരി 18,2020

1. Indissoluble എന്ന വാക്കിന്റെ അർഥമെന്താണ്?
2. 'യാഹൂ' കമ്പനിയുടെ സ്ഥാപകർ ആരെല്ലാമാണ്?
3. വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് എന്ന സംഘടനയുടെ ചിഹനത്തിൽ കാണുന്ന മൃഗം ഏതാണ്?
4. Admit എന്ന വാക്കിന്റെ വിപരിതം എന്താണ്?
5. ഹൃദയത്തെക്കുറിച്ചുള്ള പഠനത്തിന് എന്താണ് പേര്?
6. ലാ ഫൊണ്ടെയ്ൻ എന്ന പ്രശസ്ത എഴുത്തു കാരൻ ഏതു രാജ്യക്കാരനാണ്?
7. കോറി ആൻഡേഴ്സൺ എന്ന ക്രിക്കറ്റ് താരം ഏതു രാജ്യത്തിനുവേണ്ടിയാണ് കളിച്ചത്?
8. അമിഗ്ഡല എന്ന ഭാഗം നമ്മുടെ ശരിരത്തിൽ എവിടെയാണ്?
9. നമ്മുടെ തലച്ചോറിലേക്ക് രക്തമെത്തിക്കുന്ന ധമനിയുടെ പേര് എന്താണ്?
10. ഏറ്റവും വലിയ ഹൃദയമുള്ള ജിവി ഏതാണ്?

അഞ്ചന





Lk_31039

# മണ്ണിനടിയിലും  മീനുകൾ

കേരളത്തിൽ കാണപ്പെടുന്ന 204  ജാതി ശുദ്ധജലമത്സ്യങ്ങളിൽ മണ്ണിനടിയിൽ കാണുന്ന ഉറവകളിൽ  4

ജാതി  മത്സ്യങ്ങളുണ്ട്. മോണോപ്റ്ററസ് ജനസിൽപെട്ട ഇവയ്ക്ക് ചെറുപാമ്പിനോടാണ് സാമ്യം. കോഴിക്കോട്ടും മലപ്പുറത്തുമുള്ള കിണറുകളിൽ നിന്നും ചെളിയിൽ പൂണ്ട നിലയിൽ ആരകനുമായി സാമ്യമുള്ള മണ്ണൂലി

ആരകൻ  (Monopterus digressus)  എന്ന വഴുവഴുപ്പും രക്തവർണ്ണവുമുള്ള ഒരു മത്സ്യജാതിയെ കണ്ടെത്തിയിട്ടുണ്ട്...

അഞ്ജലി



# മണ്ണിൽ തുടിക്കുന്ന പൂമ്പാറ്റകൾ

അരുവിയോരങ്ങളിലെ നനഞ്ഞ മണ്ണിലും ജൈവാവശിഷ്ടങ്ങളിലും കൂട്ടം ചേർന്നിരുന്ന്പ്രത്യുല്പാദനത്തിനായുള്ള അധിക പോഷകങ്ങൾ വലിച്ചെടുക്കുന്ന പൂമ്പാറ്റക്കൂട്ടങ്ങൾ പ്രകൃതിനിരീക്ഷകർക്ക് വിസ്മയ കഴ്ചയാണ്. മഡ്പഡ്ലിങ്ങ് എന്നറിയപ്പെടുന്ന ഈ പ്രവർത്തനത്തിലൂടെ ശരീരത്തിനാവശ്യമായ പ്രോട്ടീനും സോഡിയം പോലുള്ള ധാതുലവണങ്ങളും അവയ്ക്ക് ലഭിക്കുന്നു. മഡ്പഡ്ലിങ്ങിലൂടെ സ്വരൂപിക്കുന്ന ധാതുലവണങ്ങൾ ആൺശലഭങ്ങൾ ഇണചേരൽ സമയത്ത് പെൺശലഭങ്ങിലേക്ക് കൈമാറുന്നു. ഇങ്ങനെയായാൽ മാത്രമെ ത്വരിതഗതിയിലുള്ള അണ്ഡോല്പാദനം സാധ്യമാകൂ എന്നാണ് പഠനങ്ങൾ പറയുന്നത്

ജോഹാൻ





Lk_31039

# പ്രകൃതി

മന്മതമാണ് നീ ഇന്നു എന്നയദയമാണ്
നിൻ ലോചനങ്ങളാണ്
അരുണ കിരണ സൂര്യനാളമോടെ നിൻ സൗന്ദര്യം
നിറയുന്നു
വഞ്ഞങ്ങൾ ജീവിക്കുവാനായി നീ ഇനിയും വേണം
നിൻ സുഗന്ധം എൻ ജീവൻ നിലനിർത്തുന്നു.
നിന്റെ ചാഞ്ചാടൽ സംഗീതമുയർത്തുന്നു
നിന്റെ ഫലങ്ങൾ വിശപ്പടക്കുന്നു.
നിന്നിലിതാ ഞാൻ വിശ്രമം കൊള്ളുന്നു
നീ വന്നു നിറയുവാനായി ഞാനിനി
എന്തു ത്യാഗംകൊള്ളണം
നീ വരുമ്പോൾ ഈ യാമം തരളിതമാവും
നിന്റേമേലുള്ള ക്രൂരതകൾ ഇനിയെന്നുതീരും
അന്നെൻ ജീവസഖിയായി നീ മാറും
എൻ ഓമൽ പീലിയാവും
നിന്റെ കോപം അണയുവാൻ ഞാൻ
ഇതാ തിരുമുൻപാകെ സാഷ്ടാങ്കം വണങ്ങുന്നു.

സിൽജു





Lk_31039


സെന്റ് മേരീസ് എച്ച്. എസ്. എസ്
കിടങ്ങൂർ
സ്കൂൾ
കായികമേള












# സ്മാർട്ടമ്മ













# ദേശീയ താരങ്ങൾ







# അധ്യാപക ദിനം









# നന്ദി ............

വഴി കാട്ടിയ അധ്യാപകർക്ക്.........

പ്രോൽസാഹനം തന്ന

മാതാപിതാകൾക്ക്..........

ഒപ്പം നിന്ന "ചങ്ക്സായ" കൂട്ടുകാർക്ക്....

വിഭവങ്ങൾ ഒരുക്കി തന്ന സഹപാഠികൾക്ക്...

ഈശ്വരസമക്ഷം കൂപ്പുകൈകളോടെ.....

ലിറ്റിൽ കൈറ്റ്സ്

സെൻറ്റ് മേരീസ് എച്ച് . എസ്.എസ്

കിടങ്ങൂർ.

LK_31039



# വാതിൽപ്പടി

## LITTLE KITES

## St MARY'S HSS

## KIDANGOOR